## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1761 — 17.12.2012 ൽ മറുപടിയ്ക്ക്

### സംസ്ഥാനത്തെ വിലവർദ്ധനവ്

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ : | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് വിലവർദ്ധനവ് അനുഭവപ്പെടുന്നുണ്ടോ; എങ്കിൽ എത്രത്തോളമെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് നേരിയ തോതിൽ വില വർദ്ധനവ് അനുഭവപ്പെടുന്നുണ്ട്. |
| ബി) വിലവർദ്ധനവ് തടയുന്നതിന് നീക്കി വെച്ചിട്ടുള്ള തുക എത്രയാണ്; | ബി) ഈ സാമ്പത്തിക വർഷം (2012-13) വില വർദ്ധനവ് തടയുന്നതിന് വിപണിയിടപെടലിനായി സപ്ലൈകോ യ്ക്ക് 50 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. പ്രസ്തുത തുകയ്ക്ക് പുറമേ 15 കോടി രൂപ കൂടി സപ്ലൈകോയ്ക്ക് നൽകി കഴിഞ്ഞു. ഇതിനുപുറമേ 20 കോടി രൂപ കൂടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, വിലവർദ്ധനവ് തടയുന്നതിനായി സഹകരണം, കൃഷി എന്നീ വകുപ്പുകൾ 5 കോടി രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| സി) 2010-2011, 2011-2012 വർഷങ്ങളിൽ എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത്; എത്ര ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;<br><br>ഡി) 2012-2013 ൽ നീക്കിവെച്ച തുക എത്രയാണ്; അതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | സി) & ഡി) 2010-11 സാമ്പത്തിക വർഷത്തിൽ സപ്ലൈകോയ്ക്ക് വിപണിയിടപെടലിനായി 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിനുപുറമേ 26.31 കോടി രൂപ അധികമായി അനുവദിച്ചിരുന്നു. പ്രസ്തുത തുക മുഴുവനും ചെലവഴിച്ചിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ സപ്ലൈകോയ്ക്ക് 50 കോടി രൂപ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 68.35 കോടി രൂപ അധികമായി അനുവദിച്ചിരുന്നു. പ്രസ്തുത തുക മുഴുവനും ചെലവഴിച്ചിട്ടുണ്ട്.<br>2010-11 സാമ്പത്തിക വർഷത്തിൽ സഹകരണ വകുപ്പ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 5 കോടി രൂപയ്ക്കു പുറമേ അധികമായി അനുവദിച്ച 65 കോടി രൂപ ഉൾപ്പെടെ 70 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത സാമ്പത്തിക വർഷം വിലവർദ്ധനവ് തടയുന്നതിനായി കൃഷി വകുപ്പ് 164 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

2011-12 സാമ്പത്തിക വർഷത്തിൽ സഹകരണ വകുപ്പ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 5 കോടി രൂപയ്ക്കു പുറമേ അധികമായി അനുവദിച്ച 25 കോടി രൂപ ഉൾപ്പെടെ 30 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതേ കാലയളവിൽ കൃഷി വകുപ്പ് ഈ ഇനത്തിൽ 184 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

2012-13ൽ സപ്ലൈകോയുടെ വിപണിയിടപെടലിനായി 50 കോടി രൂപ വകയിരുത്തിയിരുന്നു. അതിനു പുറമേ അധികമായി അനുവദിച്ച 15 കോടി രൂപയുൾപ്പെടെ 65 കോടി രൂപ ഈ ഇനത്തിൽ സപ്ലൈകോ ചെലവഴിച്ചിട്ടുണ്ട്. ഇതിനുപുറമേ 20 കോടി രൂപ കൂടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതേ സാമ്പത്തിക വർഷത്തിൽ സഹകരണ വകുപ്പ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 5 കോടി രൂപയ്ക്ക് പുറമേ അധികമായി അനുവദിച്ച 40 കോടി രൂപയും ചേർന്ന 45 കോടി രൂപയിൽ നിന്നും 44.5 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതേ കാലയളവിൽ കൃഷി വകുപ്പ് വിലവർദ്ധനവ് തടയുന്നതിനായി നീക്കിവച്ചിരുന്ന 5 കോടി രൂപയിൽ 2.5 കോടി വീതം ഹോർട്ടികോർപ്പിനും, വി.എഫ്.പി.സി.കെ.യ്ക്കും അനുവദിച്ചിട്ടുണ്ട്.

Beena

സെക്ഷൻ ഓഫീസർ.